**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2531** **13-02-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ പൊതുവായ കടബാധ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ കടബാധ്യതയിൽ ഉൾപ്പെടുന്ന ഘടകങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | പൊതുവിപണിയിൽ നിന്നുള്ള കടമെടുപ്പ്, LIC, GIC, നബാർഡ്, ദേശീയ ലഘു സമ്പാദ്യ പദ്ധതിയിലേക്കുള്ള പ്രത്യേക സെക്യൂരിറ്റികൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള വായ്പകൾ മുതലായവ ഉൾപ്പെടുന്ന സംസ്ഥാന സർക്കാരിന്റെ ആഭ്യന്തരകടവും കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളും (വിദേശ സഹായ വായ്പകൾ ഉൾപ്പെടെ) മുൻകൂറുകളും അടങ്ങുന്നതാണ് സംസ്ഥാനത്തിന്റെ പൊതുകടം. ഈ പൊതുകടത്തോടൊപ്പം പൊതു കണക്കിനത്തിലെ ലഘു സമ്പാദ്യങ്ങൾ, പ്രൊവിഡന്റ് ഫണ്ടുകൾ മുതലായവയിൽ നിന്ന് എടുക്കുന്ന വായ്പകൾ കൂടി ചേരുന്നതാണ് സംസ്ഥാനത്തിന്റെ കടബാധ്യത. |
| (ബി) | മേൽപ്പറഞ്ഞ ഓരോ ഘടകത്തിലും 2016 -21 സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തിന്റെ ബാധ്യത എത്ര വീതം ആയിരുന്നു എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ? | (ബി) | അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ 2016-17 സാമ്പത്തിക വർഷം മുതൽ 2022-23 സാമ്പത്തിക വർഷം വരെ അഭ്യന്തര വായ്പായിനത്തിലും കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പായിനത്തിലും, പി.എഫ്, ലഘുസമ്പാദ്യങ്ങളിൽ നിന്നുള്ള വയ്പായിനത്തിലുമുള്ള ബാധ്യതയുടെ വിശദാംശം ചുവടെ പട്ടികയായി ചേർക്കുന്നു. |

(തുക കോടിയിൽ)

| **വർഷം** | **2016-17** | **2017-18** | **2018-19** | **2019-20** | **2020-21** | **2021-22** | **2022-23** |
|---|---|---|---|---|---|---|---|
| അഭ്യന്തര വായ്പ | 118269 | 135501 | 150991 | 165960 | 190474 | 210792 | 227137 |
| കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പ | 7614. | 7484 | 7243 | 8680 | 9208 | 9183 | 10864 |
| പി.എഫ്, ലഘു സമ്പാദ്യ പദ്ധതികൾ മുതലായവ | 60571 | 67778 | 77397 | 85671 | 97219 | 115666 | 124191 |
| ആകെ | **186454** | **210763** | **235631** | **260311** | **296901** | **335641** | **362192** |

സെക്ഷൻ ഓഫീസർ